ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **DTETVM/5491/2026-EG3 (EG)** തീയതി: **07-07-2026**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിലുള്ള ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് & ബിസിനസ്സ് കറസ്പോണ്ടൻസ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതിന് യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- **1. G.O. (P) No. 503/2012/H.Edn** തീയതി **12.10.2012.**
**2.23-05-2026** ലെ അനൌദ്യോഗിക കുറിപ്പ് നമ്പർ **I/634824/2026 .**

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ ഒഴിവുള്ള ഇൻസ്ട്രക്ടർ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് & ബിസിനസ്സ് കറസ്പോണ്ടൻസ് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സൂചന 1 പ്രകാരം അംഗീകരിച്ച ഈ വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടം പ്രകാരം പ്രസ്തുത തസ്തികയുടെ ഒന്നാമത്തെ നിയമന രീതിയും നിയമന യോഗ്യതയും ചുവടെ ചേർക്കുന്നു.

നിയമന രീതി

**By transfer from any service in Technical Education Department having not less than three years regular service in the Department.**

നിയമനത്തിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത

**1) First class Bachelor's Degree in Commerce from any recognized University after undergoing regular institutional course of study.**
**2) Diploma in Commercial Practice awarded / recognised by Government of Kerala after three years of regular institutional course of study.**

ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പമുള്ള മാതൃകയിൽ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം, ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം, ഈ ഓഫീസിൽ ലഭിക്കത്തക്കവിധം സ്ഥാപന മേധാവി മുഖാന്തിരം അയച്ചുനൽകുവാൻ നിർദ്ദേശിക്കുന്നു.

സ്ഥാപന മേധാവികൾ ഈ സർക്കുലർ ജീവനക്കാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തിക്കൊള്ളേണ്ടതും, ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയ ക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതും ആകുന്നു.

വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കേണ്ട മാതൃക

**(vide circular no. DTETVM/5491/2026-EG3 (EG) dated 07-07-2026)**

| | | |
|---|---|---|
| 1 | പേര് & PEN | |
| 2 | ജനന തീയതി | |
| 3 | നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തിക | |
| 4 | ശമ്പള സ്കെയിൽ | |
| 5 | വിദ്യാഭ്യാസ യോഗ്യത | |
| 6 | നിയമന രീതി | പി എസ് സി / ആശ്രിത നിയമനം / ഉദ്യോഗക്കയറ്റം / തസ്തികമാറ്റം / അന്തർജില്ലാ മാറ്റം / അന്തർവകുപ്പ് മാറ്റം / മറ്റ് രീതികൾ (വ്യക്തമാക്കുക) |
| 7 | നിയമനത്തിന് തെരഞ്ഞെടുത്ത ജില്ല | |
| 8 | നിയമന ശുപാർശയുടെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 9 | നിയമന ഉത്തരവിൻറെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 10 | നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി | |
| 11 | നിലവിലെ തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 12 | നിയമനം ക്രമീകരിക്കപ്പെട്ട തീയതി (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 13 | ശൂന്യവേതനാവധി / അന്യത്ര സേവനം / വകുപ്പ് തല, വിജിലൻസ് അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ (ഉണ്ടെങ്കിൽ) | |
| 14 | ഫോൺ നമ്പർ | |
| 15 | മറ്റ് വിവരങ്ങൾ (ഉണ്ടെങ്കിൽ) | |

സ്ഥലം: ഒപ്പ്:

തീയതി: പേര്:

സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ച വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

സ്ഥാപന മേധാവിയുടെ ഒപ്പും പേരും മുദ്രയും

Digitally signed by
Jayaprakash P
Date: 07-07-2026
12:09:35

**Dr JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, **EB** സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി